"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - പാലക്കാട്, വടക്കാഞ്ചേരി, ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മീനിയൽ തസ്തികയും 2023-24 അധ്യയന വർഷം മുതൽ അഞ്ചു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിക്കുന്നത് - അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെആർ) വകുപ്പ്**

സ.ഉ.(കൈ) നം.139/2023/GEDN തീയതി,തിരുവനന്തപുരം, 22-09-2023

---

പരാമർശം:-

1. സ.ഉ(എം.എസ്) നം. 53/2019/പൊ.വി.വ തീയതി 31.05.2019.
2. സ.ഉ.(കൈ) 549/2022/പൊ.വി.വ തീയതി 01.02.2022.
3. സ.ഉ.(കൈ) 106/2022/പൊ.വി.വ തീയതി 14.06.2022.
4. റിട്ട് ഹർജി (സി) നം. 38275/2022 നമ്പർ കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 28.11.2022 -ലെ വിധിന്യായം.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.3.2023-ലെ AcdC3/285789/2023/DGE/HSE നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് മരിയൻ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത 38275/2022 നമ്പർ റിട്ട് ഹർജിയിലെ പരാമർശം (4) വിധിന്യായം പ്രകാരം എക്സിബിറ്റ് പി2, പി4 എന്നിവ കണക്കിലെടുത്ത് ഹർജിക്കാരിയുടെ എക്സിബിറ്റ് പി5 അപേക്ഷ പരിഗണിച്ച് വിധിന്യായം ലഭിച്ച് നാല് മാസത്തിനകം, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, മേൽ പ്രകാരം നടപടികൾ പൂർത്തിയാക്കുന്നതിനു മുൻപായി പെറ്റീഷണറെ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പെറ്റീഷണറുടെ പ്രതിനിധിയെ 20.03.2023- ന് നേരിട്ട് കേൾക്കുകയുണ്ടായി. 12-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും ലക്ഷ്യമാക്കി സർക്കാർ പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിലെ പൊതു മാനദണ്ഡങ്ങൾക്കനുസൃതമായി വടക്കാഞ്ചേരി ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ സംഖ്യാബലം 1500ൽ കൂടുതൽ ആയതിനാൽ രണ്ടാമത്തെ ക്ലർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മിനിയൽ തസ്തികയും ഒരു ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടാണ് എക്സിബിറ്റ് പി5 ഹർജി കോർപ്പറേറ്റ് മാനേജർ സർക്കാർ മുമ്പാകെ സമർപ്പിച്ചിരുന്നത്.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം(5)ലെ റിപ്പോർട്ട് പ്രകാരം വടക്കഞ്ചേരി ചെറുപുഷ്പം ഹയർ സെക്കന്ററി സ്കൂളിൽ 8-ാം തരം മുതൽ 10-ാം തരം വരെ 1173 വിദ്യാർത്ഥികളും ഹയർ സെക്കൻഡറിയിലെ 400 വിദ്യാർത്ഥികളുമുൾപ്പെടെ 1573 വിദ്യാർത്ഥികൾ

ഉണ്ട്. വിദ്യാലയത്തിൽ 1 ക്ലാർക്ക് തസ്തികയും, 2 FTM തസ്തികയുമാണ് നിലവിലുള്ളത്. നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കൻഡറി വിഭാഗത്തിന് കൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയാണ് പ്രവർത്തിക്കേണ്ടത്. അപ്രകാരം സ്കൂളിലെ അനധ്യാപക തസ്തികകൾ ഹയർ സെക്കൻഡറിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആണ് നിർണയിക്കപ്പെടുന്നത്.

4. അനധ്യാപക തസ്തികകൾ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ഉത്തരവിലെ ചുവടെ ചേർത്ത മാനദണ്ഡങ്ങൾ പ്രകാരമാണ് സൃഷ്ടിക്കാവുന്നത്.

i. 1499 വിദ്യാർത്ഥികൾക്ക് 1 ക്ലറിക്കൽ തസ്തികയും, 1500-നും അതിന് മുകളിലും വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ 2 ക്ലാർക്ക് തസ്തികയും അർഹതയുണ്ടായിരിക്കും.

ii. 699 വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ 1 FTM തസ്തികയും, 700-1499 വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ 2 FTM തസ്തികയും, 1500ഉം അതിന് മുകളിലും വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ 3 FTM തസ്തികയും അർഹതയുണ്ടായിരിക്കും.

5. മേൽ പരാമർശിച്ച മാനദണ്ഡങ്ങൾ പ്രകാരം ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മീനിയൽ തസ്തികയും അനുവദിച്ച് കിട്ടുന്നതിന് അർഹതയുണ്ട് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി വിദ്യാലയത്തിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാലയത്തിലെ ലൈബ്രറി സൗകര്യങ്ങൾ മേഖലാ ഉപമേധാവി നേരിട്ട് ചെന്ന് വിലയിരുത്തിയപ്പോൾ പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുകയുണ്ടായി. അതിനാൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുവാൻ സാധിക്കില്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം(5) പ്രകാരം അറിയിച്ചിട്ടുണ്ട്.

6.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട്, വടക്കാഞ്ചേരി, ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മീനിയൽ തസ്തികയും 2023-24 അധ്യയന വർഷം മുതൽ അഞ്ചു വർഷത്തേക്ക് താൽകാലികമായി സൃഷ്ടിക്കുന്നതിനും, ടി തസ്തികകളിൽ കരാർ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.ഇപ്രകാരം പരാമർശം (4) വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ , എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

കോർപ്പറേറ്റ് മാനേജർ, മരിയൻ എഡ്യൂക്കേഷണൽ ഏജൻസി ,പാലക്കാട്

പൊതു ഭരണ (എസ്.സി ) വകുപ്പ് (ഇനം നമ്പർ 1765, തീയതി 20.09.2023)

ധനകാര്യ വകുപ്പ് (E:2408499/EDN-B1/153/2023-FIN തീയതി 8.5.2023)

ഡയറക്ടർ വിവര പൊതു ജന സമ്പർക്ക വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്,തിരുവനന്തപുരം (വെബ് സൈറ്റിൽ

സ.ഉ.(കൈ) നം.139/2023/GEDN

(പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
V.sivakumar
Date: 23-09-2023 10:58:26

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

പൊതുവിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറിയുടെ സി.എക്ക്

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-09-2023

ഫയൽ നം. ജെആർ3/10/2023/പൊവിവ. ഇനം നം: 1765

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, വടക്കാഞ്ചേരി, ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾ ടൈം മീനിയൽ തസ്തികയും 2023-24 അധ്യയന വർഷം മുതൽ അഞ്ചു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

1765

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : ജെആർ 3/10/2023/പൊവിവ |
| 2 | വകുപ്പ് | : പൊതുവിദ്യാഭ്യാസ (ജെആർ) വകുപ്പ് |
| 3 | വിഷയം | : പൊതുവിദ്യാഭ്യാസം - പാലക്കാട്, വടക്കാഞ്ചേരി, ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾ ടൈം മീനിയൽ തസ്തികയും 2023-24 അധ്യയന വർഷം മുതൽ അഞ്ചു വർഷത്തേക്ക് താൽകാലികമായി സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 19/08/2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. മീനാംബിക എം ഐ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 04/09/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 05/09/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 07/09/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 12/09/2023 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പാലക്കാട്, വടക്കാഞ്ചേരി, ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മിനിയൽ തസ്തികയും അഞ്ചു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിക്കുവാനും, ടി തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുവാനും (കരാർ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി) അനുമതി നൽകുന്നതിനും, അപ്രകാരം, പാലക്കാട് മരിയൻ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 38275/2022 നമ്പർ കേസിൽ ബഹു. കോടതി പുറപ്പെടുവിച്ച 28.11.2022 -ലെ വിധിന്യായം നടപ്പിലാക്കുന്നതും സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) പാലക്കാട് മരിയൻ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 38275/2022 നമ്പർ കേസിൽ ബഹു. കോടതി പുറപ്പെടുവിച്ച വിധിന്യായം പ്രകാരം എക്സിബിറ്റ് പി2, പി4 എന്നിവ കണക്കിലെടുത്ത് ഹർജിക്കാരിയുടെ എക്സിബിറ്റ് പി5 അപേക്ഷ പരിഗണിച്ച് വിധിന്യായം ലഭിച്ച് നാല് മാസത്തിനകം, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, മേൽ പ്രകാരം നടപടികൾ പൂർത്തിയാക്കുന്നതിനു മുൻപായി പെറ്റീഷണറെ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

3) ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പെറ്റീഷണറുടെ പ്രതിനിധിയെ അണ്ടർ സെക്രട്ടറി 20.03.2023- ന് നേരിട്ട് കേൾക്കുകയുണ്ടായി. 12-ാം സ്റ്റാൻഡേർഡ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും ലക്ഷ്യമാക്കി സർക്കാർ പുറപ്പെടുവിച്ച 14.06.2022 -ലെ സ.ഉ.(കൈ) 106/2022/പൊ.വി.വ നമ്പർ ഉത്തരവിലെ പൊതു മാനദണ്ഡങ്ങൾക്കനുസൃതമായി വടക്കാഞ്ചേരി ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ സംഖ്യാബലം 1500 ൽ കൂടുതൽ ആയതിനാൽ രണ്ടാമത്തെ ക്ലർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മിനിയൽ തസ്തികയും ഒരു ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയും അനുവദിക്കണമെന്നാണ് എക്സിബിറ്റ് പി5 ഹർജിയിൽ കോർപ്പറേറ്റ് മാനേജർ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

4) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വടക്കഞ്ചേരി ചെറുപുഷ്പം ഹയർ സെക്കന്ററി സ്കൂളിൽ 8-ാം തരം മുതൽ 10-ാം തരം വരെ 1173 വിദ്യാർത്ഥികളും ഹയർ സെക്കൻഡറിയിലെ 400 വിദ്യാർത്ഥികളുൾപ്പെടെ 1573 (1173+400) വിദ്യാർത്ഥികൾ ഉണ്ട്. വിദ്യാലയത്തിൽ 1 ക്ലാർക്ക് തസ്തികയും, 2 FTM തസ്തികയുമാണ് നിലവിലുള്ളത്. നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കൻഡറി വിഭാഗത്തിന് കൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയാണ് പ്രവർത്തിക്കേണ്ടത്. അപ്രകാരം സ്കൂളിലെ അനധ്യാപക തസ്തികകൾ ഹയർ സെക്കൻഡറിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണയിക്കപ്പെടുന്നത്.

5) അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി 31.5.2019-ലെ സ.ഉ(എം.എസ്)നം. 53/2019/പൊവിവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14.6.2022 തീയതിയിലെ സ.ഉ(കൈ)നം. 106/2022/പൊവിവ ഉത്തരവിലെ ചുവടെ ചേർത്ത മാനദണ്ഡങ്ങൾ പ്രകാരം തസ്തികകൾ സൃഷ്ടിച്ചിരുന്നു.

i. 1499 വിദ്യാർത്ഥികൾക്ക് 1 ക്ലറിക്കൽ തസ്തികയും, 1500-നും അതിന് മുകളിലും വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ 2 ക്ലാർക്ക് തസ്തികയും അർഹതയുണ്ടായിരിക്കും.

ii. 699 വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ 1 FTM തസ്തികയും, 700-1499 വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ 2 FTM തസ്തികയും, 1500 ഉം അതിന് മുകളിലും വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ 3 FTM തസ്തികയും അർഹതയുണ്ടായിരിക്കും.

6) മേൽ പരാമർശിച്ച മാനദണ്ഡങ്ങൾ പ്രകാരം ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മിനിയൽ തസ്തികയും അനുവദിച്ചു കിട്ടുന്നതിന് അർഹതയുണ്ട് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി വിദ്യാലയത്തിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ വിദ്യാലയത്തിലെ ലൈബ്രറി സൗകര്യങ്ങൾ മേഖലാ ഉപമേധാവി നേരിട്ട് ചെന്ന് വിലയിരുത്തിയപ്പോൾ G.O(Ms)No.549/2022/G.Edn നമ്പർ തീയതി 01/02/2022 ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുകയുണ്ടായി. അതിനാൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുവാൻ സാധിക്കില്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7) ഈ തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യത ചുവടെ ചേർക്കുന്നു.

ക്ലാർക്ക് - 1 * (26500 * 7% DA)*12 = 1 * (26500 * 1855)* 12 = 28355*12 = 3, 40,260 /- രൂപ പ്രതിവർഷം

ഫുൾടൈം മിനിയൽ - 1 * (23000 * 7% DA)*12 = 1 * (23000 * 1610)*12 = 24610*12 = 2,95,320/- രൂപ പ്രതിവർഷം

ഈ തസ്തികകൾ അനുവദിക്കുമ്പോൾ ആകെ ചെലവാകുന്ന തുക 6,35,580/- രൂപ പ്രതിവർഷം

8) മേൽ സാഹചര്യത്തിൽ, മലപ്പുറം മേഖലാ ഉപമേധാവിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിദ്യാലയത്തിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് വിദ്യാലയത്തിലെ ലൈബ്രറി സൗകര്യങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള G.O(Ms)No.549/2022/G.Edn നമ്പർ തീയതി 01/02/2022 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് ബോധ്യമായിട്ടുള്ളതും, എന്നാൽ GO(Ms) No.106/2022/G.Edn dated 14/06/2022 സർക്കാർ ഉത്തരവ് പ്രകാരം വിവിധ സ്കൂളുകളിൽ 1500 കുട്ടികളിൽ കൂടുതൽ ഉണ്ട് എന്ന കാരണത്താൽ രണ്ടാമത്തെ ക്ലാർക്ക് പോസ്റ്റും മൂന്നാമത്തെ ഫുൾടൈം മീനിയൽ തസ്തികകളും അനുവദിച്ചു കൊടുത്തതിന് സമാനമായി ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മിനിയൽ തസ്തികയും അഞ്ചു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ചും ഇവയിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും (കരാർ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി) അനുമതി നൽകാമോ എന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു.

9) അതിൻ പ്രകാരം ധനകാര്യവകുപ്പ് താഴെ പറയുന്ന അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

**"സൃഷ്ടിക്കപ്പെടേണ്ട തസ്തികകളുടെ കൃത്യത ഭരണ വകുപ്പ് ഉറപ്പ് വരുത്തണമെന്ന നിബന്ധനയിൽ മന്ത്രിസഭാനുമതിക്ക് വിധേയമായി, പാലക്കാട്, വടക്കാഞ്ചേരി, ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മിനിയൽ തസ്തികയും താൽകാലികമായി സൃഷ്ടിക്കുന്നതിനും, ടി തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനും ധനകാര്യ വകുപ്പ് അനുമതി നൽകുന്നു."**

**ഈ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.**

10) ധനകാര്യവകുപ്പ് തസ്തികകൾ താൽക്കാലികമായ സൃഷ്ടിക്കേണ്ട കാലപരിധി അഞ്ചു വർഷം എന്ന് എടുത്ത് പറഞ്ഞിട്ടില്ല. എന്നിരുന്നാലും GO(Ms) No.106/2022/G.Edn dated 14/06/2022 സർക്കാർ ഉത്തരവിലേതിന് സമാനമായ തസ്തിക സൃഷ്ടിക്കൽ ആയതിനാൽ തസ്തികകൾ അഞ്ചു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിക്കാവുന്നതാണ്.

11) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെടേണ്ട തസ്തികകളുടെ കൃത്യത പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഉറപ്പ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ, പാലക്കാട്, വടക്കാഞ്ചേരി, ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മിനിയൽ തസ്തികയും അഞ്ചു വർഷത്തേക്ക് താൽകാലികമായി സൃഷ്ടിക്കുന്നതിനും, ടി തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് (കരാർ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി) പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകുന്നതിനും അപ്രകാരം WP(C) 38275/2022 നമ്പർ കേസിൽ ബഹു. കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കുന്നതിനും മന്ത്രിസഭയുടെ അംഗീകാരം തേടുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട സംഗതി</u>

WP(C) 38275/2022 നമ്പർ കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 28.11.2022 -ലെ വിധിന്യായം നടപ്പിലാക്കുന്നതിനായി, പാലക്കാട്, വടക്കാഞ്ചേരി, ചെറുപുഷ്പം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ ഫുൾടൈം മീനിയൽ തസ്തികയും 2023-24 അധ്യയന വർഷം മുതൽ അഞ്ചു വർഷത്തേക്ക് താൽകാലികമായി സൃഷ്ടിക്കുന്നതിനും, ടി തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും (കരാർ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി) അനുമതി നൽകാമോ?